**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4037** **09-08-2021 - ൽ മറുപടിയ്ക്ക്**

**കെട്ടിടങ്ങൾക്കുള്ള സിവിൽ-ഇലക്ട്രിക്കൽ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിൽ കെട്ടിടങ്ങൾക്കുള്ള സിവിൽ-ഇലക്ട്രിക്കൽ പ്രവൃത്തികൾ ഒരേ സമയം ടെണ്ടർ ചെയ്യാൻ കഴിയാത്തത് കൊണ്ടുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (എ) | പൊതുമരാമത്ത് വകുപ്പിൽ ഭൂരിഭാഗം പ്രവൃത്തികളുടേയും സിവിൽ ഇലക്ട്രിക്കൽ ജോലികൾ ഒരുമിച്ച് തീർന്നുവരുന്നുണ്ട്. നിലവിൽ 5 കോടിക്കുമുകളിൽ നിർമ്മാണ തുകയുള്ള പ്രവൃത്തികൾക്ക് കോമ്പോസിറ്റ് ടെണ്ടർ നടപ്പാക്കി സിവിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ ഒരുമിച്ച് ടെണ്ടർ ചെയ്ത് വരുന്നു. |
| (ബി) | കോഴിക്കോട് ജില്ലയിലെ പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിൽ സ്റ്റാഫ് സ്ട്രെങ്ങ്ത്ത് പ്രകാരമുള്ള ജീവനക്കാർ ജോലി ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത വിഭാഗത്തിൽ സർക്കാർ കെട്ടിടങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പരിശോധനയ്ക്കുമുള്ള എത്ര ഫയലുകൾ തീർപ്പാക്കാനുണ്ടെന്ന് വ്യക്തമാക്കാമോ; കൂടുതൽ ജീവനക്കാരെ നിയമിച്ചുകൊണ്ട് തീർപ്പാക്കാനുള്ള ഫയലുകളിൽ അടിയന്തര തുടർനടപടികൾ സ്വീകരിക്കുമോ? | (ബി) | കോഴിക്കോട് ജില്ലയിൽ പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിനുള്ള 5 ഓഫീസുകളിലുമായി വിവിധ തസ്തികകളിൽ 11 ഒഴിവുകൾ ഉണ്ട്. കോഴിക്കോട് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ ജീവനക്കാരുടെ അപര്യാപ്തത ഉള്ളതിനാൽ 33 എസ്റ്റിമേറ്റുകൾ തയ്യാറാക്കാനുണ്ട്. എന്നിരുന്നാലും നിലവിലെ ജീവനക്കാരെ വച്ച് ഫയലുകൾ തീർപ്പാക്കിവരുന്നു. കൂടാതെ കോഴിക്കോട് ജില്ലയിലെ വേക്കൻസി നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ